## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 195 28.11.2018-ൽ മറുപടി നൽകേണ്ടിയിരുന്നത്

### കസ്റ്റഡി മരണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.ടി. ബൽറാം | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2018 നവംബർ 15 വരെ എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 6 കസ്റ്റഡി മരണങ്ങൾ |
| (ബി) | പ്രസ്തുത കാലയളവിൽ പോലീസിനെ ക്കണ്ട് ഓടിയ എത്ര പേർ ആറ്റിലോ, കുളത്തിലോ, കിണറ്റിലോ വീണ് മരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | (ബി) | 3 പേർ ആറ്റിലും 2 പേർ കിണറ്റിലും വീണ് മരണപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത കാലയളവിൽ പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്ര പേർ വിട്ടയയ്ക്കപ്പെട്ട് ഒരാഴ്ചയ്ക്കുള്ളിൽ മരിക്കുകയോ, മാരകമായി പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയോ ആത്മഹത്യ ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) | 3 പേർ ഒരാഴ്ചയ്ക്കുള്ളിൽ ആത്മഹത്യ ചെയ്യുകയുണ്ടായി. |
| (ഡി) | ഇതേ കാലയളവിൽ പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോകപ്പെട്ട എത്ര പേർ കെട്ടിത്തൂങ്ങി മരിക്കുകയോ, ഹൃദയസ്തംഭനം മൂലം മരിക്കുകയോ, പോലീസ് സ്റ്റേഷനുകളിൽ വച്ച് മറ്റു കാരണങ്ങളാൽ മരിക്കുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ഡി) | ഒരാൾ തൂങ്ങി മരിക്കുകയും ഒരാൾ ഹൃദയസ്തംഭനം മൂലം മരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | മേൽപ്പറഞ്ഞ കാലയളവിൽ കസ്റ്റഡി മരണം സംബന്ധിച്ച് എത്ര പോലീസുകാരെ സസ്പെൻഡ് ചെയ്തുവെന്നും എത്രപേരുടെ മേൽ കൊലക്കുറ്റത്തിന് കേസെടുത്തുവെന്നും വ്യക്തമാക്കുമോ ? | (ഇ) | 15 പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. 4 പേർക്കെതിരെ കൊലക്കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ